പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 7676

23/07/2012 ൽ
മറുപടിക്ക്

## വിശ്വ മലയാള സമ്മേളനം

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. പാലോട് രവി<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ബെന്നി ബെഹനാൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് വിശ്വ മലയാള സമ്മേളനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ആരുടെ ആഭിമുഖ്യത്തിലാണ് സമ്മേളനം നടത്തുന്നത്; വിശദാംശങ്ങൾ നൽകാമോ; | (ബി) | കേരള സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിലാണ് വിശ്വമലയാള മഹോത്സവം സംഘടിപ്പിക്കുന്നത്. മലയാള ഭാഷയുടേയും സാഹിത്യത്തിന്റെയും കലകളുടേയും പൊതുവിൽ കേരള സംസ്കാരത്തിന്റെയും പാരമ്പര്യങ്ങളെ ഓർമ്മിപ്പിക്കുകയും മാറിവരുന്ന സാഹചര്യങ്ങളിൽ മലയാളഭാഷയുടേയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് പുതിയ ദിശകൾ കണ്ടെത്തുകയും ചെയ്യുന്നതിന് ഒരു ദേശീയോത്സവത്തിന്റെ മാതൃകയിൽ വിശ്വമലയാള മഹോത്സവം നടത്തുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (സി) | മലയാളത്തിന്റെ മഹത്തായ പാരമ്പര്യവും അഭിമാനവും ലോകശ്രദ്ധയിൽ കൊണ്ടുവരുന്ന ഒരു മലയാള സാഹിത്യോത്സവമാണ് വിഭാവനം ചെയ്യുന്നത്. മലയാളഭാഷയിലെ അനുഗ്രഹീതരായ കവികളെയും കഥാകൃത്തുക്കളെയും നോവലിസ്റ്റുകളെയും ഭാഷാ പണ്ഡിതന്മാരെയും മറ്റ് വിഭാഗങ്ങളിലെ പ്രതിഭാശാലികളെയും കലാകാരന്മാരെയും ഈ മഹോത്സവത്തിന്റെ പന്തലിൽ ഒന്നിച്ചു കൊണ്ട് വരികയാണ് ലക്ഷ്യം. മലയാളികളുടെ സ്വത്വബോധവും ഭാഷാഭിമാനവും ഉണർത്തി മാതൃഭാഷയുടെ പ്രാധാന്യം ലോകത്തെ ബോധ്യപ്പെടുത്തുന്നതിന് ഈ മഹോത്സവം പ്രയോജനപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ